# ചിത്രാംഗദ

ചിത്രാംഗദ

ശ്രീ. സദനം.കെ.ഹരികുമാരൻ രചിച്ച കഥകളിയുടെ ആട്ടക്കഥ

ശ്രീ രവീന്ദ്രനാഥടാഗോറിന്റെ ചിത്രാംഗദയെന്ന നൃത്തനാടകവും അതിനു ശേഷം ‘എൻ. വി. കൃഷ്ണവാരിയരുടെ ചിത്രാംഗദയെന്ന ആട്ടക്കഥയും ഉണ്ടായതിനു ശേഷമാണ് അൽപജ്ഞനായ എന്റെ ഈ സംരംഭം. ‘എന്നാലും എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ചിത്രവാഹനനെന്ന മണിപുര രാജാവ് തന്റെ മകളായ ചിത്രാംഗദയെ ചിത്രാംഗദനെന്ന ആൺകുട്ടിയായാണ് വളർത്തിയത്.യുദ്ധവും ഭേദ്യവും നായാട്ടും ഭരണവും എല്ലാം അവളെ പഠിപ്പിച്ചു.

നിയമം തെറ്റിച്ചതിനുള്ള പ്രായശ്ചിത്തത്തിനായി തീർത്ഥയാത്ര ചെയ്തു വന്നിരുന്ന അർജ്ജുനൻ ചിത്രാംഗദയുടെ മാന്തോപ്പിലാണ് എത്തിപ്പെട്ടത്. വസന്തർത്തുവിലെ പുഷ്പശരഗന്ധമേറ്റ് പരവശനായ അർജ്ജുനൻ കാമജനകനും തന്റെആത്മമിത്രവുമായ കൃഷ്ണനെ "കാമജനക ശരണം" എന്ന് നാമം ചൊല്ലുന്നു.

ചിത്രാംഗദനും കൂട്ടുകാരും മാന്തോപ്പിലേക്ക് വിഹരിക്കാനായി വരുന്നു. പരസ്പര വിരുദ്ധങ്ങളായ കാഷായവേഷവും അസ്ത്രശസ്ത്രങ്ങളും കൂടാതെ “കാമ'' നാമ ജപവും കേട്ടപ്പോൾ സംശയാലുവായ ചിത്രാംഗദൻ സന്യാസിയുടെ ധ്യാനം തടസ്സപ്പെടുത്തുകയും അവർ തമ്മിൽ ഗംഭീര യുദ്ധമായിത്തീരുകയും ചെയ്യുന്നു.

ആദ്യം അർജ്ജുനൻ ഒന്നു തളർന്നെങ്കിലും വീണ്ടും ഉണർന്ന് ചിത്രാംഗദനെ പ്രഹരിച്ച് മോഹാലസ്യപ്പെടുത്തുന്നു. കൂട്ടുകാർ ഓടി രക്ഷപ്പെടുന്നു.

കൂട്ടുകാർ ചെന്ന് ചിത്രവാഹനനോട് വിവരം ധരിപ്പിക്കുന്നു. ചിത്രവാഹനൻ ആയുധങ്ങളുമായി അർജ്ജുനനെ പിൻതുടർന്ന് പോകുന്നു.

പറയത്തക്ക ശത്രുതയില്ലാതെ ഒരു കുമാരനെ അകാരണമായി ദ്രോഹിച്ചതിൽ വിഷമിച്ച അർജ്ജുനൻ ചിത്രാംഗദന്റെ പടച്ചട്ടയൂരി ശീതോപചാരം ചെയ്യാൻ തുടങ്ങുമ്പോൾ താൻ പൊരുതി വീഴ്ത്തിയത് ഒരു കന്യകയെ യായിരുന്നുവെന്ന് അറിഞ്ഞ് അന്ധാളിക്കുന്നു.

ചിത്രാംഗദ മോഹാലസ്യത്തിൽ നിന്നുണരുകയും തന്നെ വീഴ്ത്തിയത് അർജ്ജുനനല്ലാതെ മറ്റാരുമാകാൻ തരമില്ലെന്നും മനസ്സിലാക്കുന്നു. അവർ കാമിതരാകുന്നു.

അഛനായ ചിത്രവാഹനൻ അർജ്ജുനനെ യുദ്ധത്തിനു വിളിക്കുന്നു. ആവർ യുദ്ധം ചെയ്യുന്നതിനിടയിൽ ചിത്രാംഗദ ഇടക്കു കേറി വന്ന് തടയുകയും താൻ പ്രണയിക്കുന്ന അർജ്ജുനനാണ് ഇതെന്നും തനിക്ക് വിവാഹം നടത്തിത്തരേണമെന്നും അഛനോട് അപേക്ഷിക്കുന്നു.

സന്തോഷവാനായ ചിത്രാംഗദൻ അർജ്ജുനന്റേയും ചിത്രാംഗദയുടേയും വിവാഹം നടത്തിക്കൊടുക്കുന്നു.

# ചിത്രാംഗദ

സദനം കെ .ഹരികുമാരൻ രചിച്ചത്

## രംഗം: ഒന്ന്

(രംഗസംക്ഷിപ്തം: വനവാസക്കാലത്തെ തീർത്ഥാടനകാലത്ത് അർജ്ജുനൻ പല ദേശങ്ങളിൽ ക്കൂടിയും  സഞ്ചരിച്ച കൂട്ടത്തിൽ മണിപുരമെന്ന സ്ഥലത്തെത്തുന്നു. ക്ഷീണിതനായ അദ്ദേഹം താനെത്തിപ്പെട്ട ഉപവനത്തിൽ വിശ്രമിക്കാനൊരുങ്ങുന്നു. പുരുഷനായി വളർത്തപ്പെട്ട ചിത്രാംഗദൻ എന്ന ചിത്രാംഗദ, ഉപവനത്തിലെത്തുന്നു .യോഗിയെ സംശയിക്കുന്നു. യുദ്ധംചെയ്യുന്നു. ആദ്യം വിജയിച്ചെങ്കിലും പിന്നീട്മോഹിച്ച് വീഴുന്നു. കൂട്ടുകാർ ഭയന്ന്ഓടുന്നു.)

ശ്ലോകം    രാഗം: ബേഗഡ    താളം: ചെമ്പട.

നേരുകാത്തിടുവതിന്നു ഭൂതികളണിഞ്ഞു വല്ക്കലമുടുത്തുടൻ
പുണ്യനിമ്നഗയിൽ മുങ്ങിയും വിമല ഭൂതലങ്ങളീലലഞ്ഞവൻ
പൂത്തകല്പകവനങ്ങളും കളശുകങ്ങളും ഭ്രമരജാലവും
ആത്ത രത്നപുരവാടിതന്നിലവനെത്തിനാൻ സുരവരാത്മജൻ

<u>അര്‍ജ്ജുനന്‍</u>

ഋതുരാജന്നഭിഷേകോത്സവമായ്
അരുണഗിരീശന്‍ തിരനോക്കുകയായ്
ദുര്‍വാദള പുതു പുളകമണിഞ്ഞീ-
യുര്‍വ്വീ ലസിപ്പൂഹരിതാഭം

മരന്ദ മഴതൂകുന്നൂ ചൂതം
മഹിതമഹീതലമായ് പരിപൂതം
മരവുരിഭേദിച്ചമ്പുകളഞ്ഞും
നെഞ്ചകമാണ്ടിഹതീര്‍പ്പൂ ഖേദം

സ്വേദജലത്തിലലിഞ്ഞൂ ഫാലത-
ടത്തിലണിഞ്ഞ വിഭൂതികളും
ജപമാലയണിഞ്ഞോരെന്‍ കണ്ഠം
മൃണാളപാണീ ലാളനമേല്‍ക്കാന്‍
കൗതുകമാളുന്നൂ.......കാമ ജനകനീശരണം ശരണം

(അര്‍ജ്ജുനന്‍ ധ്യാനത്തിലിരിക്കുന്നു.പുരുഷ വേഷധാരികളായി ചിത്രാംഗദയും സഖിമാരും എത്തുന്നു.-ചിത്രാംഗദയെന്ന പെണ്‍കുട്ടിയെ ചിത്രവാഹനനെന്ന അവളുടെ അച്ഛന്‍ പുരുഷനായിട്ടാണ് വളര്‍ത്തിയത്-)

രാഗം: രവിചന്ദ്രിക താളം: ചെമ്പട.

(സാരീ: പ്രത്യേകം)

മൃണാളപാണികളേന്തുംബാണം
കുനിഞ്ഞചുമലീലണിഞ്ഞൊരുതൂണം
നിറഞ്ഞമാറുധരിച്ചൊരുകവചം
നനുത്തപൗരുഷമുറഞ്ഞനയനം

ധീരതയുന്നതമാക്കിയ നെറുകിനു
ചാരുതയരുളീ ഖോലകവും
ആണ്‍വേഷമണിഞ്ഞാളീപടയാ-
ളികളൊത്തവളടരടവുകളാടി

ധ്യാനനിമീലിതനേത്രന്‍പാര്‍ത്ഥന്‍
വാണരുളുന്നാശ്രമവന സീമനി
ഹേലകിളിര്‍ത്തുള്‍ക്കാമ്പുടയവളുമ-
ണഞ്ഞൂസഖിമാരോടുമൊഴിഞ്ഞു

(കാമജനക-കൃഷ്ണ-നാമം ജപിക്കുന്നത് കേട്ട്സന്യാസിവേഷധാരിയായ അര്‍ജ്ജുനന്‍ കാമദേവനെയാണ് ധ്യാനിക്കുന്നതെന്ന് ചിത്രാംഗദന്‍ ധരിക്കുന്നു)

ചിത്രാംഗദൻ

രാഗം: സാരംഗ താളം: ചെമ്പ.

കാമനെയുൾക്കൊണ്ടുനാമംജപിച്ചുകൊ-
ണ്ടിങ്ങുവാഴുംകള്ളസന്യാസിയാരോ
അനുവാദമോലാതെഞാൻവളർത്തുന്നൊരീ
മാകന്ദവനികയിൽവരുവതേനോ

മകുടത്തഴമ്പാർന്നഫാലദേശത്തിവൻ
ജടമെടഞ്ഞഴകോടുബന്ധിക്കിലും
ശിഞ്ജിനീമറുപൂണ്ട പാണി, കമണ്ഡലൂ
യോഗദണ്ഡാദികളേന്തുകിലും
നിറതൂണവും കോർത്തവില്ലുംധരിക്കയാൽ
കപടനെന്നതിനെന്തിനേറെത്തെളിവുകൾ

ഇളമൊഴിയമ്പുകൊണ്ടിവനൊന്നുലയണം
വലയണം ഉടനേയൊരുങ്ങിടേണം

(സഖിമാർഅർജ്ജുനനെമന്ദമായിഒളിയമ്പെയ്യുന്നു.അർജ്ജുനൻ
ധ്യാനത്തിൽനിന്നുണർന്ന്)

രാഗം: ആനന്ദഭൈരവി താളം :ചെമ്പട.

ധ്യാനിപ്പതിനനുവാദംനൽകാതാരിഹകലശൽകൂട്ടുവതെന്നെ
മരമറവെടിയുക വെളിയിൽ തെളിയുക ഭീരൂ,വൈകാതുടനേ നീ

മശകസമാനമോരസ്ത്രമതേറ്റു ഭയന്നിവിടംവിട്ടോടിടുമോ ഞാൻ
മായാഭേദശരത്താൽ നിന്നെ കൊല്ലാനോ നിഷ്ഠുരനോ ഞാൻ?

അണയുക ചരണംപണിയുക സരസാ തരസാ മാപ്പുലഭിച്ചീടും
(ചിത്രാംഗദൻ ഒളിവിൽനിന്ന്പുറത്തുവരുന്നു)

രാഗം: ഗംഭീരനാട്ട താളം: മുറിയടന്ത(ഖണ്ഡനട)
കപടയതിവേഷധാരിയാംനീമമ
മാകന്ദവനികയിൽ മര്യാദകൂടാതെ
അനൂവാദമോലാതെ രതികാന്തശരമന്ത്ര
മുരിയാടിവാഴുന്നതെന്തുഞായം

മന്ത്രജലമാളും കമണ്ഡലുവും വര
മന്ത്രകണതിങ്ങുന്ന തൂണീരവും
യോഗദണ്ഡും കോർത്തവില്ലും ധരിച്ചനീ ചാരനോചോരനോസാരനോ,ആതിലാം

നീമമബന്ദിയാണിന്നറിഞ്ഞീടുക.

ആർജ്ജുനൻ

രാഗം: നീലാംബരീ        താളം: ചെമ്പ.

അറിവായതില്ലനീയാരെന്നതൊന്നാമ-
തറിവായതില്ലയീയുപവനമാരുടേ-
തറിവായതില്ലനീയൊളിയമ്പയച്ചെന്റെ
യുടലിൽതറച്ചതിൻ പൊരുളേതുമേ

മാധവഭക്തനാം യതിവര്യനാണഹം
ആയുധമാത്മരക്ഷക്കായ്ധരിപ്പതും
ധരണിയിൽ യതികൾക്കനുവാദമില്ലാത്തൊ-
രിടമില്ലനാഗതശ്മശ്രു തിശോരക,

ചിത്രാംഗദൻ

രാഗം: ബിലഹരീ        താളം : മുറിയടന്ത

എന്തു നീബാലകനെന്നോവിളിക്കുന്ന-
തെന്നെയെരിഞ്ഞു പുകയുന്നരിശവും
അഞ്ജലികൂപ്പിയ പാണികൾബന്ധിച്ചു
തൽത്തുറുങ്കിൽ ചാട്ടവാറടിയേറ്റിവൻ
അറിയട്ടെ ചിത്രാംഗദനെന്ന യുവരാജ
വിക്രമവുമിവന്നക്രമവും

(അടിയറവു പറയുന്നില്ലെങ്കിൽ യുദ്ധത്തിനു തയ്യാറായിക്കൊള്ളുവാൻ
അർജ്ജുനനോട്
ചിത്രാംഗദൻ ആവശ്യപ്പെടുന്നു. അർജ്ജുനൻ പിൻതിരിക്കുവാൻ നോക്കിയെങ്കിലും
അവസാനം ഒരുങ്ങുന്നു. യുദ്ധത്തിൽ ആദ്യം അർജ്ജുനൻ തളർന്നു വീഴുന്നു.
എന്നാൽ ഉടനെ എഴുന്നേറ്റ് വീണ്ടും യുദ്ധം ചെയ്യുമ്പോൾ ചിത്രാംഗദൻ തളർന്നു
മോഹിച്ചു വീഴുന്നു. )

ശ്ലോകം

രാഗം: കേദാരഗൗള.        :
പെണ്ണയച്ചശരമാരിയേറ്റു തനു നൊന്തുവീണു സുരനന്ദനൻ
ഈർഷ്യയാളിയടിയേറ്റഹിക്കുസമ മൂറ്റമാണ്ടു വര ചാപവും
പൂണ്ടു ദിവ്യശരജാലമൂക്കൊടു വലിച്ചു വിട്ടു തനുതല്ലജേ
ചിത്രവാഹനജ ചിത്തശോകമതിലാണ്ടുവീണിതടരൂഴിയിൽ

(ബോധഹീനനായ ചിത്രാംഗദനെഅർജ്ജുനൻഎടുത്തുകൊണ്ടുപോകുന്നു. സഖിമാർഭയന്നോടുന്നു.)

## രംഗം: രണ്ട്

(ചിത്രവാഹനനും- ചിത്രാംഗദന്റെ അച്ഛൻ-പത്നിയും രതിഭാവത്തിലിരിക്കുമ്പോൾ, ചിത്രാംഗദന്റെ കൂട്ടുകാർ വന്ന്
കാര്യങ്ങൾ പറയുന്നു .ചിത്രവാഹനൻ യുദ്ധത്തിനു പുറപ്പെടുന്നു.)

ശ്ലോകം:

രാഗം: പാടി താളം :ചെമ്പട.

ഭാനു തീക്ഷ്ണതവെടിഞ്ഞ ഹൈമവത ശൈത്യമൂറിയൊരു വാസരേ
പത്മപുഷ്പപുട താലമേന്തിയ സരോവരങ്ങളുലയും ദിനേ
മാനസത്തിലനുരാഗമഞ്ജരിപറന്നുയർന്നു മണലൂർമഹീ-
പാലനന്നു വരവർണ്ണിനീമണിയൊടേവമോതിയതി മോദവാൻ

(തിരനോക്കിനുശേഷം ചിത്രവാഹനനും പത്നിയുംചേർന്ന് ചൂതു കളിക്കുന്നു. പത്നി തോൽക്കുന്നു. പിണങ്ങി മാറിയിരിക്കുന്നു. തനിക്ക്പണയമായി ലഭിക്കേണ്ട പത്നിയുടെ മുലപ്പടം ചിത്രവാഹനൻ അവശ്യപ്പെടുന്നു.)

പരാജിതേ, പണയം മുലപ്പടം നൽകുക, വെടിയുക ചൂതുപടം
ചുതശര കേളിക്കനുവാദം നൽകുക.

പുടകദലാലംകൃതമീ പ്രേംഖയിൽ ഹംസതൂലികം ക്രീഡിപ്പതിനായ്
പുടവയഴിപ്പാനിനിയും ചൂതു കളിപ്പാനോ

പത്നി:

രാഗം: സുരുട്ടി താളം: തൃപുട

കന്ദർപ്പകേതനം പൊയ്കയിൽ ജലരേഖ
യെഴുതി ലാസ്യങ്ങൾനടത്തിടുന്നു
മന്മഥ മൗർവ്വിയാം ഭൃംഗങ്ങൾ മാലതീ
മുകുളത്തിൽ ശംഖുവിളിച്ചിടുന്നു
തെന്നലേ തേരാക്കിയെത്തുന്നുവാസന്ത
ബന്ധുവമന്ദം മനതാരിലും

ചെന്നുമറഞ്ഞീല ഭാനു പ്രതീചിയിൽ
കൂരിരുൾ കമ്പളം വസുധയണിഞ്ഞീല
താരകാമാല്യമണിഞ്ഞീലവാനവും

നേരമായീല മനോജ്ഞ ലീലക്കഹോ

(ചിത്രവാഹനൻ പത്നിയുമായിരിക്കുമ്പോൾ ചിത്രാംഗദയുടെ കൂട്ടുകാർ ഓടിവരുന്നു. )

രാഗം :

കല്ല്യാണവസന്തം    താളം : പഞ്ചാരി.

ആപദം ഭവിച്ചു ഭൂപതേതവ സുതക്കു ഘോര-
മാവതും തടുത്ത പൊയ്ത്തു പാഴിലായഹോ
യോഗി വേഷധാരിയായ പൂരുഷാഗ്രഗണ്യനൊരുവ-
നിന്നു ഗുപ്തനായണഞ്ഞിതുപവനമതിൽ
ആരെവനെവിടെനിന്നു വന്നതെന്ന ചോദ്യമതിനു
വില്ലുലച്ചു പോരടിച്ചു ബദലുരച്ചവൻ

യോഗി പോർക്കളത്തിലുഴറി വീണവാറു ബന്ധനത്തി-
നായ് ത്തുനിഞ്ഞു ഞങ്ങളൊത്തു രാജകന്യക
പ്രഹരമേറ്റുണർന്നസർപ്പ രാജനെന്നപൊലെ ഭിക്ഷു
സടകുടഞ്ഞു ശരമെടുത്തയച്ചോരായിരം

ഒരുവിധം ജയിച്ചുനമ്മളെന്നമാത്ര കാർമുക-പ്പി-
ടിയയച്ചു ബോധമറ്റു വീണുനിൻ മകൾ
ഉടലെടുത്തു ചുമലിലേന്തിയുപവനം കടന്നുയോഗി
എരുതിനെയെടുത്തു വിപിനരാജനെന്ന പോൽ

പത്നി:

രാഗം : ഖണ്ഡാരം    താളം: മുറിയടന്ത

നാഥാ മനമുഴറുന്നൂവൈകു-
ന്നെന്തിനു ചെന്നീടുടനടി നീ
അരമാത്രക്കകമെൻമകളെനീ
അവികലയായണയിക്കേണം

അക്ഷയനിധിയേകുകിലും ലക്ഷം
മാഹാദാനംചെയ്യുകിലും
ഭിക്ഷുവൊടനുനയ മോതുകിലും
ഇക്ഷണമെൻമകളേയും കൊണ്ടുവ-
രേണം തടവിതിനരുതരുതേ

ചിത്രവാഹനൻ

രാഗം : ഖണ്ഡാരം       താളം : മുറിയടന്ത.

ഇക്ഷണം ഭിക്ഷുവൊടു പടപൊരുതിയെൻ മകളെ
വീണ്ടവനെയും രഥചക്രത്തിൽബന്ധിച്ചു
നഗരമിതു പതിനഞ്ചുവട്ടം പ്രദക്ഷിണം
വക്കുന്നതുണ്ടുഞാൻ നിങ്ങൾ കണ്ടീടുക
( ചിത്രവാഹനൻ പടപ്പുറപ്പാടും മറ്റുംഎടുത്ത് യുദ്ധത്തിനു പുറപ്പെട്ടു പോകുന്നു.)

## രംഗം: മൂന്ന്

(രംഗസംക്ഷിപ്തം :വീണുകിടക്കുന്ന ചിത്രാംഗദനെ അർജ്ജുനൻ ശീതോപചാരം ചെയ്യാൻ വസ്ത്രമഴിക്കുമ്പോൾ, താൻ തോൽപ്പിച്ചത് ഒരു സുന്ദരിയെയാണെന്ന് മനസ്സിലാക്കുന്നു. അവളോട് അനുരാഗം തോന്നുന്നു. ചിത്രാംഗദക്കും അർജ്ജുനനോട് പ്രേമം ജനിക്കുന്നു.
ചിത്രാംഗദ ഈ രംഗത്തിൽ സ്ത്രീവേഷത്തിൽ ആണ് പ്രത്യക്ഷപ്പെതുന്നത് )

അർജ്ജുനൻ
ശ്ലോകം

രാഗം : ഖരഹരപ്രിയ       താളം : ചെമ്പട

ബോധമറ്റുഭുവി വീണശസ്ത്രപടു തന്നുടൽ വിജയനേറ്റി നൽ-
ചൂത വാടിക വെടിഞ്ഞുകാനനമണഞ്ഞൊരാൽമരമതിൻ തണൽ
ചേർത്തവൻ തനുവിലാണ്ട ബാണനിര പേർത്തെടുത്തു വരമൗഷധം
തേയ്പ്പതിന്നു പടയാടയൂരിയളവാണ്ടു വിസ്മയനറുസ്മിതം

വ്യാജ പുരുഷഭൂഷാംഗിതയായൊരു രാജസുഷമയിതവീണുകിടപ്പൂ
പ്രാജ്യപാപിയാമർജ്ജുനനോടിന്നാർജ്ജവമാളുക നീ മൃദുലേ

ഹാടക ശോഭിത ഹസ്തതലേ നറു
നീലിനികൾ വരചേർത്തൊരു ലേഖന
മെന്നിൽ രതി സൗദാമിനിയായ്മി-
ന്നിപ്പടരുന്നതു നീയറിയുന്നോ

മതിമോഹിനി നീ മോഹമതിൽ നി-
ന്നുണരുക പുണരുക പാണ്ഡവനെ

(അർജ്ജുനൻ ചിത്രാംഗദയെ ശീതോപചാരം ചെയ്യുന്നു. ചിത്രാംഗദ മോഹാലസ്യത്തിൽ നിന്നുണരുന്നു. ആർജ്ജുനനെ തിരിച്ചറിയുന്നു.)

ചിത്രാംഗദ

രാഗം: മോഹനം താളം: തൃപുട.

പാണിദ്വയങ്ങളിൽ ശിഞ്ജിനി മറുപൂണ്ട
ശത്രുഘ്നനായവൻ ആരെന്നറിഞ്ഞു ഞാൻ
അമ്പയച്ചെന്നുടൽവീഴ്ത്തുവാൻ അംബുജ
മമ്പയച്ചെൻമനം മോഹിതമാക്കുവാൻ
ഉമ്പർകോനോമന നന്ദനനല്ലാതെ-
യമ്പെടുത്തോരിലിന്നാരുണ്ടുചൊല്ലുക

കീടമണിമാല ദീപംതെളിയിച്ച
കാടിതിൽ നിൻകൈത്തലം കോർത്തുലാത്തവേ
രാഗദീപാവലീ താലങ്ങളേന്തുമെൻ
അന്തരംഗംപ്രേമ നൃത്തരംഗം

(ചിത്രവാഹനൻചിത്രാംഗദയെതിരഞ്ഞ്രംഗത്തേക്ക്ഓടിവരുന്നു.
അർജുനനോട്ഏറ്റുമുട്ടുന്നു. )

ശ്ലോകം

രാഗം: സാരംഗ താളം : മുറിയടന്ത

തനയപതിച്ച വിപത്തതോർത്തു ഹൃദയം നീറിജ്ജ്വലിച്ചഞ്ജസാ
വിധുരതയാർന്ന മനസ്സിനിക്കു സുതയെ കൈക്കൊണ്ടുവന്നീടുവാൻ
കഥനമതേകി യിരുമ്പുചട്ടയുടലിൽ ബന്ധിച്ചു വില്ലും കുല-
ച്ചുടനടി ഭിക്ഷുവിനെത്തടഞ്ഞു മണലൂർഭൂപൻ കയർത്തീടിനാൻ

(ചിത്രവാഹനൻ ആർജ്ജുനനെ തിരഞ്ഞ്വരുന്നു.ചിത്രാംഗദ
ഇതികർത്തവ്യതാമൂഢയായി മറഞ്ഞുനിൽക്കുന്നു. ചിത്രവാഹനൻ
അർജ്ജുനനുമായി ഏറ്റുമുട്ടുന്നു.)

എവിടെവിടെ യിന്നെന്റെപുത്രിയെ നീയെടു
ത്തൊളിവിൽ വാഴിപ്പതോ നൽകീടുടനടി

മറുപടി പറഞ്ഞിടാതുഴലുന്നുവോ
കൊന്നുനിൻനെഞ്ചില്ലുകൊണ്ടെന്റെ കുരലാര
മൊന്നുപണിയുന്നതിന്നുനീകണ്ടുകൊൾ

അർജ്ജുനൻ

രാഗം : അഠാണ

സുതയെ സുതനായ് പോറ്റിയടർക്കള
ലീലകൾശീലിപ്പിച്ചെന്നാകിലു

മെന്നിൽചെയ്ത വിപത്തിനു ശിക്ഷയ-
തേതീടാതെയടങ്ങിടുമോഞാൻ

ചിത്രവാഹനൻ

രാഗം: സാരംഗ താളം : മുറിയടന്ത.

ചിബുകവും ജപമാല, ജടയും ധരിച്ചനിൻ കപടസന്യാസിതൻ വേഷഭൂഷാദികൾ
സകലമുരിഞ്ഞുനിൻ പ്രേതം ജനപഥേ
തരുശിഖരനെറുകതിൽ ബന്ധിപ്പനിന്നഹം

( അർജ്ജുനൻ ചിത്രവാഹനനുമായി യുദ്ധംചെയ്യുന്നു. കൊടുമ്പിരികൊള്ളു
മ്പോൾ ചിത്രാംഗദ വന്ന് തടുത്ത്മാറ്റുന്നു. )

ചിത്രാംഗദ

രാഗം: മദ്ധ്യമാവതി./വൃന്ദാവനസാരംഗ, താളം: ചെമ്പ

താതാമതിഘോര സംഗരം ഭീകരം,
ഭീതഞാൻ,മനസി, നീ,കരുതായ്ക,മത്സരം
കൃഷ്ണസഖൻപാർത്ഥനീ യതിരൂപവാൻ
ലളിതമായ്നമ്മോടുപോരാടിയോൻ

ഇന്നു പ്രതീപനല്ലിവനിന്ദുകുലദീപനല്ലോ
പ്രമോദവാൻനമ്മൊടല്ലോ
ധൃതസത്യപാലനത്തിന്നായി യതിരൂപി-
യായിവനൊരുവത്സരത്തിന്നുപോൽ
ഹരിമിത്രമേ ചിത്രവവാഹനനോടുനീ
കന്യയെ ദാനമായ് കേൾക്കുക സാദരം
അങ്കുരമായൊരെൻ രാഗലതികയിൽ,
ഇതളിട്ടസൂനം നിനക്കർച്ചിതം.

അർജ്ജുനൻ

രാഗം: ദേവഗാന്ധാരം താളം: ചെമ്പട

കലഹകോലാഹലം ഒഴിവാക്കിബന്ധുക്കളായീടുക ചിത്രവാഹനാ നാം
മദ്ധ്യമപാണ്ഡവനർജ്ജുനനെ നിന്റെ പുത്രിയെ വേൾപ്പാനനുവദിക്കൂ

(ചിത്രവാഹനൻ സന്തോഷത്തോടെ അർജ്ജുനനെ ആലിംഗനം ചെയതു
സ്വീകരിക്കുന്നു. വിവാഹത്തിന് നിശ്ചയിക്കുന്നു.)

# രംഗം: നാല്

( വിവാഹമണ്ഡപത്തിൽ അർജ്ജുനൻ, ചിത്രവാഹനൻ, പത്നി, ചിത്രാംഗദ, പടയാളികൾ തുടങ്ങിയവർ നിൽക്കുന്നു., ചിത്രവാഹനൻ ചിത്രാംഗദയെ അർജ്ജുനന് വിവാഹം കഴിച്ചു കൊടുക്കുന്നു.

ദണ്ഡകം:

മംഗല്യഗാത്രിയുടെ മംഗല്യവാസരമതമ്പോടണഞ്ഞു ശുഭകാലേ
മധുലസിതകാലേ, മധുകരികപോലെ
തദനുനവനീതമുഖി മുകുരവുമെടുത്തു നിജ മുഖകാന്തി ചിന്തുവതു കണ്ടു

പനിനീരു ചാലിച്ച കസ്തൂരീ ഫാലത്തിലൊരു ചാരുപൗർണ്ണമി രചിച്ചൂ
അഞ്ജനമണിഞ്ഞൂ, മഞ്ജിമപൊലിഞ്ഞൂ
നൂപുരമണിഞ്ഞു സുമപാദുകമണിഞ്ഞു മണിമേഖലയണിഞ്ഞു മൃദുഗാത്രീ

കാർവർണ്ണനെയകമഴിഞ്ഞോർത്തുപാർത്ഥന-
പ്പൊഴുതോടിയെത്തി ഹരി യുള്ളിൽ
ചേവടി പണിഞ്ഞൂ,മെയ്യിണ പിണഞ്ഞൂ
പുടമുറികഴിപ്പതിനു മൗനാനുവാദമവ-
നവനോടു വാങ്ങിയനുശീലം

മണ്ഡപമതേറിയവൾ ഗാണ്ഡീവധാരിയുടെ
കണ്ഠേയണിഞ്ഞു വരണാരം
കാമ്യമനുവേലം, സാമ്യമനുകൂലം
ആശീർവചോമലരുതിർന്നൂ പവിത്രനൊടു
ചേർന്നുപുളകാംഗിയവൾവാണൂ

കണ്ണായവും നീക്കി കണ്മായമോർത്തളവു
ചുണ്ടിൽവിടർന്നു മൃദുഹാസം
കണ്ണിണയിടഞ്ഞൂ കാമനവിളഞ്ഞൂ
ചിന്തിയചിലമ്പൊലിയുലച്ചനറുരാത്രിയതി
ലമ്പോടുചേർന്നു മിഥുനങ്ങൾ

(അർജ്ജുനനും ചിത്രാംഗദയുമായുള്ള വിവാഹം നടത്തിക്കൊടുക്കുന്നതോടെ രംഗം അവസാനിക്കുന്നു)

ശുഭം

********